LIBRARY ARCHIVES Kerala Legislative Assembly

## ഇ. കെ. നായനാർ സ്മാരക ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിട നിർമ്മാണം

**211 (1939)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ സ്മാരക ഗവണ്മെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിട നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ഈ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 210 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 17-11-2009-ൽ 180 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി ശ്രീ. മുഹമ്മദ് കുഞ്ഞ് എന്ന കരാറുകാരന് 30% അധിക നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ കരാർ നൽകുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫൗണ്ടേഷൻ പണി ആരംഭിച്ചെങ്കിലും മണ്ണിന്റെ ഭാരവാഹനശേഷി വളരെ കുറഞ്ഞതായാലും കൂടാതെ എൻ. എച്ച്-17 ന്റെ വികസനം വരുമ്പോൾ ഈ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തുകൂടി കടന്നു പോകുന്നതിനാലും പ്ളാനിൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. പുതിയ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ പുനരാരംഭിക്കുവാനും കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മലപ്പുറം ജില്ലയിലെ പി.ഡബ്ലു.ഡി. പ്രവൃത്തികൾ

**212 (1940)** ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, മലപ്പുറം ജില്ലയിൽ പി.ഡബ്ല്യു.ഡി. വകുപ്പു മുഖേന എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ ഓരോ മണ്ഡലത്തിനും എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കുമോ ?